(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ സി) വകുപ്പിന്റെ 13-2-2014-ലെ പരിപത്രം സർക്കാരിന്റെ വിവിധ വകുപ്പുകൾക്കാണ് ബാധകമാക്കിയിട്ടുള്ളത്. എന്നിരുന്നാലും ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ളതും 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും (റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടാകുന്ന തീയതി സഹിതം) അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കർശനനിർദ്ദേശം എറണാകുളം ജില്ലാ സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

**നന്മസ്റ്റോറുകൾ**

**110 (6561)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നന്മസ്റ്റോറുകളിലായി ആകെ എത്ര ജീവനക്കാരാണ് താല്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

ആകെ 1686 പേരാണ് താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നത്.

**സഹകരണ പെൻഷൻ പദ്ധതി പരിഷ്കരണം**

**111 (6562)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ നിന്നും വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പെൻഷൻ തുകയുടെ പരിധികൾ പരമാവധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) പെൻഷനോടൊപ്പം അർഹതപ്പെട്ട ക്ഷാമബത്ത അനുവദിക്കുന്നതിനും ഫാമിലി പെൻഷൻ പുനഃസ്ഥാപിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്. സഹകരണ സംഘങ്ങളിൽനിന്നും വിരമിച്ച സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി പരിഷ്ക്കരിക്കുന്നതിനായുള്ള സഹകരണ പെൻഷൻ ബോർഡിന്റെ ശിപാർശ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ പെൻഷൻകാരുടെ പരമാവധി പ്രതിമാസ പെൻഷൻ തുകയായിരുന്ന 10,000 രൂപ 11,500 രൂപയായും സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകളിലെ പെൻഷൻകാരുടെ പരമാവധി പ്രതിമാസ പെൻഷൻ തുകയായിരുന്ന 15,000 രൂപ 17,500 രൂപയായും വർദ്ധിപ്പിച്ച് 14-6-2013-ലെ സ.ഉ.(സാധാ) 382/2013/സഹ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പെൻഷൻ തുകകളുടെ പരിധി വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള പെൻഷൻ പദ്ധതി പരിഷ്ക്കരണ പ്രൊപ്പോസൽ പരിശോധനയിലാണ്.

(സി) നിലവിലുള്ള പെൻഷനോടൊപ്പം ക്ഷാമബത്ത അനുവദിക്കുവാൻ പെൻഷൻ ബോർഡിന്റെ സാമ്പത്തികസമിതി പര്യാപ്തമല്ല. സഹകരണ പെൻഷൻ ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ സംഘം ജീവനക്കാരോ പെൻഷണറോ മരിച്ചാൽ ഫാമിലി പെൻഷൻ നിലവിൽ നൽകിവരുന്നുണ്ട്.

**തൃക്കരിപ്പൂർ സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ ഐ.ടി.കോഴ്സ് നിലനിർത്താൻ നടപടി**

**112 (6563)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ സഹകരണ എൻജിനീയറിംഗ് കോളേജിൽ ഇപ്പോൾ നിലവിലുള്ള ഐ.ടി. & ബി.ടെക്. കോഴ്സ് നിർത്തലാക്കാൻ യൂണിവേഴ്സിറ്റി തലത്തിൽ (കൂസാറ്റ്) തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കോഴ്സ് നിലനിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃക്കരിപ്പൂർ സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ ഇപ്പോൾ നിലവിലുള്ള ബി.ടെക് കോഴ്സിലെ ഐ.ടി.ബ്രാഞ്ച് ഒന്നാം വർഷത്തെ കോഴ്സ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഐ.ടി. ബ്രാഞ്ചിൽ 3 സ്ഥിരാദ്ധ്യാപകരാണുള്ളത്. അദ്ധ്യാപകരുടെ എണ്ണം കൂട്ടുന്നതിനുവേണ്ടി ഒരു സ്ഥിരാദ്ധ്യപകനേയും 3 അഡ്ഹോക്ക് അദ്ധ്യാപകരേയും നിയമിക്കുകയും പ്രസ്തുത വിവരം ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി**

**113 (6564)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ മേഖലയിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly